**പതിനാലാം കേരള നിയമസഭ**
**15-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *305** 20.06.2019-ൽ മറുപടിയ്ക്ക്

**ദുരന്തനിവാരണ അതോറിറ്റി പുനഃസംഘടിപ്പിക്കാൻ നടപടി**


ചോദ്യം
ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
,, മോൻസ് ജോസഫ്
,, സി.എഫ്.തോമസ് :

മറുപടി
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)


| ചോദ്യം | മറുപടി |
|---|---|
| (എ) കാലാവസ്ഥാ നിരീക്ഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിന് നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (എ) കാലാവസ്ഥാ വിശകലനം നടത്തുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പാണ്. തിരുവനന്തപുരത്തും കൊച്ചിയിലുമായി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ രണ്ട് കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 68 മാനുവൽ മഴമാപിനികളിൽ നിന്നും ദൈനംദിന വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേന്ദ്ര കാലാവസ്ഥാ വകുപ്പ് കൊച്ചിയിലും, മറ്റൊന്ന് തിരുവനന്തപുരത്തുമായി രണ്ട് ഡോപ്ളർ റഡാർ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) വിവിധ വിഷയങ്ങളിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ദുരന്തനിവാരണ അതോറിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഉണ്ട്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ പുതുതായി 16 വിഷയ വിദഗ്ധരെ നിയോഗിച്ചു. United Nations Development Programme, SPHERE India, UNICEF എന്നിവരുടെ സഹകരണത്തോടെ സംസ്ഥാന അതോറിറ്റിയിലും, ജില്ലാ അതോറിറ്റികളിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കിയിട്ടുണ്ട്. ഡോ. കെ.ബി വൽസല കുമാരി ഐ.എ.എസ് (Rtd) ന്റെ സേവനം UNICEF മുഖാന്തരം പ്രത്യേകമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂൾ സുരക്ഷാ പദ്ധതി, ദുരന്ത ലഘൂകരണ മുഖ്യധാരാവൽകരണം എന്നിവയിൽ ഡോ. കെ.ബി വൽസല കുമാരിയുടെ സേവനം വിനിയോഗിക്കുന്നു. |
| (സി) | കേരളത്തിൽ ദുരന്തനിവാരണ ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | വിശദമായി പരിശോധിച്ചതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | കാലാവസ്ഥാവ്യതിയാനവും ദുരന്തനിവാരണവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ആത്യന്തികമായി പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന ഒരു സമൂഹം സൃഷ്ടിക്കുവാൻ ഉതകുന്ന പാഠ്യപദ്ധതി ആണ് സ്കൂൾ തലത്തിൽ ആവശ്യം. വിവിധ വിഷയങ്ങളിൽ ദുരന്ത ലഘൂകരണം ഉൾപ്പെടുത്തി അതതു വിഷയങ്ങളുടെ ഭാഗമായി പഠിപ്പിക്കുക എന്നതാണ് ഉചിതം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഈ ആവശ്യം എസ്.സി.ഇ.ആർ.ടി-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ